# തോട്ടത്തിൽ കൂട്ടുകൂടാം

## കുട്ടിക്കാനത്തെ തോട്ടത്തിനു നടുവിൽ പരമ്പരാഗത കേരളീയ ശൈലിയിലുള്ള ഫാംസ്റ്റേ

**PROJECT FACTS** Area: 5500 sqft Owner: ഇബ്രാഹിം ജലാൽ Location: കുട്ടിക്കാനം Design: സെന്റർ ഫോർ സസ്റ്റൈനബിൾ ബിൽറ്റ് ആൻഡ് എൻവയോൺമെന്റ്, കൊച്ചി ajayabey@gmail.com

വിശാലമായ തോട്ടത്തിനു നടുവിൽ പരമ്പരാഗത കേരളീയ ശൈലിയിലുള്ള വീടാണ് തോട്ടം ഫാംസ്റ്റേ. നഗരത്തിന്റെ തിക്കും തിരക്കും ഇല്ലാത്ത, ശാന്തസുന്ദരമായ അന്തരീക്ഷം ആഗ്രഹിക്കുന്നവരെ വലിച്ചടുപ്പിക്കുന്ന ചുറ്റുപാടാണ് കുട്ടിക്കാനത്തെ ഈ ഫാംസ്റ്റേക്കു ചുറ്റും. മഞ്ഞു പുതച്ചു നിൽക്കുന്ന കുന്നുകളും മലമടക്കുകളും അരുവികളും കൊണ്ട് സുന്ദരമാണ് ചുറ്റുപാടുകൾ.

പ്രകൃതിസൗന്ദര്യത്തിനു കോട്ടം വരാത്ത വിധത്തിൽ, ചുറ്റുപാടുകളിലേക്ക് ലയിപ്പിച്ചാണ് ഫാംസ്റ്റേയുടെ നിർമാണം. സുസ്ഥിരനിർമാണരീതി പിൻതുടർന്ന് പ്രകൃതിയെ ബഹുമാനത്തോടെ കാണുന്ന സമീപനമാണ് ആർക്കിടെക്ട് ടീം കൈക്കൊണ്ടത്. അതുകൊണ്ടുതന്നെ, തോട്ടത്തെ ചുറ്റിപ്പോകുന്ന റോഡിൽ നിന്നാൽപ്പോലും ഇത്തരമൊരു കെട്ടിടം അവിടെയുണ്ടെന്ന് തിരിച്ചറിയാനാകില്ല.

### ഓരോ അണുവും ആസ്വദിക്കാം

തോട്ടത്തിലേക്കും വിശാലമായ ചക്രവാളത്തിലേക്കും പതഞ്ഞൊഴുകുന്ന അരുവിയിലേക്കുമൊക്കെ തുറക്കുന്ന അഞ്ച് കിടപ്പുമുറികളാണ് ഇവിടെയുള്ളത്. മുകളിലും താഴെയുമുള്ള ഓരോ ലോഞ്ചിനു ചുറ്റുമാണ് കിടപ്പുമുറികൾ ക്രമീകരിച്ചത്. സ്ഥിരതാമസമില്ലാത്തതിനാൽ ലിവിങ്, ഡൈനിങ്, അടുക്കള ഇവയെല്ലാം ലോഞ്ചിലെ പലയിടത്ത് സജ്ജീകരിച്ചു. ടെറസ്, ബാൽക്കണി തുടങ്ങി താമസക്കാർക്ക് ഒത്തുകൂടാനും പ്രകൃതിസൗന്ദര്യം ആസ്വദിക്കാനുമുള്ള ഇടങ്ങളും പ്രത്യേകം ക്രമീകരിച്ചിട്ടുണ്ട്.

മേൽക്കൂരയുടെ ഭാരം കുറയുമ്പോൾ അടിത്തറയും ഭിത്തികളും കൂടുതൽ ബലപ്പെടുത്തേണ്ടിവരില്ല എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് വീട് ഡിസൈൻ ചെയ്തത്. ഇവിടെ മേൽക്കൂരയിൽ ഭാരം കുറഞ്ഞ സ്റ്റീൽ ഉപയോഗിച്ച് കെട്ടിടത്തിന്റെ മൊത്തം ഭാരം ലഘൂകരിച്ചു. നിർമാണം താരതമ്യേന എളുപ്പമാക്കാനും പാഴ്ച്ചെലവ് നിയന്ത്രിക്കാനും ഇതു സഹായിച്ചു. മാത്രമല്ല, ഊർജഉപയോഗം നിയന്ത്രിക്കാനുമായി.

ട്രോപ്പിക്കൽ കാലാവസ്ഥയെ മെരുക്കാൻ ഒന്നിലധികം പാളികളുള്ള മേൽക്കൂര നൽകി. ഗാൽവനൈസ്ഡ് അയൺ (ജിഐ) ഫ്രെയിമിൽ ജിഐ പ്ലെയിൻഷീറ്റ് ഇട്ട് അതിനു മുകളിൽ ഓട് വിരിക്കുകയാണ് ചെയ്തത്. ജിഐ പ്ലെയിൻ ഷീറ്റ് മഴവെള്ളം അകത്തേക്കു വരാതെ തടയുന്ന പാളിയായി പ്രവർത്തിക്കും. ട്രോപ്പിക്കൽ കാലാവസ്ഥയിൽ വളരെ യോജിക്കുമെന്നു മാത്രമല്ല, ഓട് വീടിന്റെ സൗന്ദര്യം വർധിപ്പിക്കുന്ന ഘടകം കൂടിയാണ്. കൂടാതെ, ഇത് വളരെക്കാലം നിലനിൽക്കുകയും ചെയ്യും. ഓട് പുനരുപയോഗിച്ചതിലൂടെ ചെലവു കുറയ്ക്കാനും പ്രകൃതിദത്ത നിർമാണസാമഗ്രികളുടെ പാഴാകൽ ഇല്ലാതാക്കാനും ശ്രമിച്ചു. പ്രാദേശികമായി ലഭിക്കുന്ന നിർമാണസാമഗ്രികളാണ് തിരഞ്ഞെടുത്തത്.


അഴികൾ ഇല്ലാത്ത വലിയ ഗ്ലാസ്സ് ജനലുകളാണ് ഇവിടേക്ക് വേണ്ടി ഡിസൈൻ ചെയ്തത്. കോമൺ ഏരിയയിൽ ഭിത്തികളേക്കാൾ കൂടുതൽ ജനലുകളും ഗ്ലാസ്സ് വാതിലുകളുമാണെന്നു പറയാം. പ്രകൃതിസൗന്ദര്യം ആവോളം ആസ്വദിക്കാനും സൂര്യപ്രകാശം അകത്തു വരാനും ഇവ സഹായിക്കുന്നു. കൂടാതെ, ഊർജഉപയോഗം നിയന്ത്രിക്കാനും വലിയ ജനലുകൾ സഹായിക്കുന്നു.



അജയ് അബി
ആർക്കിടെക്ട്




താര പണ്ടാല
ആർക്കിടെക്ട്



മലകൾക്കു മുകളിൽ ഉയർന്നു നിൽക്കുന്ന രീതിയിലല്ല, ചുറ്റുമുള്ള പ്രകൃതിയുടെ ഭാഗമെന്നു തോന്നിക്കുന്ന വിധത്തിലാണ് എക്സ്റ്റീരിയർ രൂപപ്പെടുത്തിയത്





▲ പ്ലോട്ടിനെയും ചുറ്റുപാടുകളെയും ശല്യപ്പെടുത്താതെ വേണം വീടുപണിയാൻ എന്നു തീരുമാനിച്ചതിനാൽ തട്ടുകൾ തകർക്കുകയോ മണ്ണിട്ടു നികത്തുകയോ ചെയ്തില്ല. അതുകൊണ്ടുതന്നെ മുകളിലെ നിലയിലാണ് പ്രധാന പ്രവേശനകവാടം. ഫാംസ്റ്റേ എന്ന രീതിയിൽ ഡിസൈൻ ചെയ്തതിനാൽ സിറ്റ്ഔട്ട് ഇല്ല. പകരം ലോഞ്ച് ഏരിയയിലേക്കാണ് പ്രവേശിക്കുന്നത്. മൂന്ന് വശവും ഗ്ലാസ്സ് ജനലുകളും ബാൽക്കണിയും കൊടുത്ത് പ്രകൃതിയിലേക്ക് തുറന്നതാണ് ലോഞ്ച് ▼




▲ പ്രധാന പ്രവേശന കവാടമായ ലോഞ്ചിൽ (മുകളിൽ) നിന്ന് ഗോവണി ഇറങ്ങിവരുന്നത് താഴത്തെ നിലയിലെ ലോഞ്ചിലേക്കാണ് (വലത്). മുകളിലെ ലോഞ്ചിൽ നിന്ന് പ്രവേശിക്കാവുന്ന രീതിയിൽ മൂന്ന് കിടപ്പുമുറികളും താഴത്തെ ലോഞ്ചിൽ നിന്ന് രണ്ട് കിടപ്പുമുറികളും ക്രമീകരിച്ചിരിക്കുന്നു ▶








▲ വെക്കേഷൻ ഹോം എന്ന നിലയിൽ നിർമിക്കാൻ ആണ് ആദ്യം ഉദ്ദേശിച്ചതെങ്കിലും പിന്നീട് വാടകയ്ക്കും നൽകാം എന്ന തീരുമാനത്തിൽ ഉടമസ്ഥർ എത്തുകയായിരുന്നു. അതുകൊണ്ടുതന്നെ അഞ്ച് കുടുംബങ്ങൾക്ക് താമസിക്കാവുന്ന രീതിയിലാണ് മുറികൾ ക്രമീകരിച്ചത്



▲ പരമ്പരാഗത കേരളീയ വീടുകളിൽ ഉപയോഗിക്കുന്ന നിർമാണസാമഗ്രികൾ തന്നെയാണ് ഇവിടെയും ഉപയോഗിച്ചത്. ഓടിന്റെ സാന്നിധ്യം എക്സ്റ്റീരിയർ ആകർഷകമാക്കാൻ സഹായിച്ചു. തറയോട് ആണ് മുഴുവൻ മുറികളിലെയും ഫ്ലോറിങ്ങിന് ഉപയോഗിച്ചിരിക്കുന്നത്. തടിയും ജിഐയും ചേർന്നതാണ് ഗോവണിയും ബാൽക്കണിയുടെ ഗ്രില്ലുകളും

**കെട്ടിടം പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന കേടുപാടുകൾ കുറച്ച്, പ്രകൃതിയും നിർമിതിയും തമ്മിലുള്ള സഹവർത്തിത്വമാണ് നടപ്പിലാക്കാൻ ശ്രമിച്ചത്**






താഴത്തെ ലോഞ്ചിന്റെ ഭാഗമായാണ് ഡൈനിങ് ഏരിയ ക്രമീകരിച്ചത്. ഇവിടെ പുറത്തിറങ്ങിയിരുന്ന് ഭക്ഷണം കഴിക്കാൻ പാഷ്യോപോലെ ഒരു ഏരിയ ഒരുക്കിയിട്ടുണ്ട്. താഴത്തെ ലോഞ്ചിന്റെ ഭാഗമായാണ് ചെറിയൊരു അടുക്കളയും ഉള്ളത് ▶




▲ കാറ്റ്, വെളിച്ചം, ചെടികൾ ഇങ്ങനെ പ്രകൃതിയുടെ എല്ലാ മൂലകങ്ങളും ഉൾച്ചേർന്ന, ബയോഫിലിക് ഡിസൈൻ ആണ് ഇവിടെ അകത്തും പുറത്തും സ്വീകരിച്ചത്




▲ ഉയരം കൂടിയതും അഴികൾ ഇല്ലാത്ത വലിയ ജനാലകളും മുറികളെ കൂടുതൽ വിശാലമായി തോന്നിക്കുന്നു. ജിഐ പ്ലെയിൻ ഷീറ്റിൽ പെയിന്റ് അടിച്ച സീലിങ് ചോർച്ചയും ചൂടും തടയും. തടിയും ചൂരലും ചേർന്ന ഫർണിച്ചർ മുറികളുടെ പരമ്പരാഗത ശൈലിയോടു ചേർന്നു നിൽക്കുന്നു

**തടി കൊണ്ടാണ് ജനൽ. ജനലുകൾക്ക് മിതത്വവും അതേസമയം പരമ്പരാഗത ഛായയും നൽകാൻ ശ്രമിച്ചു**

▼





◀ വളരെ ലളിതമാണ് ഡിസൈൻ ഘടകങ്ങൾ ഓരോന്നും. മറ്റു മുറികളിലെന്നതുപോലെ ബാത്റൂമുകളിലും പ്രകൃതിയിലേക്ക് തുറക്കുന്ന വലിയ ജനാലകളുണ്ട്. ഭൂമിയുടെ നിരപ്പുവ്യത്യാസവും പ്ലോട്ടിന്റെ വലുപ്പവും മൂലം ഇവിടെ സ്വകാര്യത പ്രശ്നമാകുന്നില്ല ■

ശ്രീദേവി

*ചിത്രങ്ങൾ: ഗോപികൃഷ്ണൻ വിജികുമാർ*

മാർച്ച് 2023 ₹ 70

# വനിത വീട്



## പാഴ്‌വസ്തുക്കൾ കൊണ്ട് ബിനാലെ പവിലിയൻ

## ചൂടിനെ തോൽപ്പിക്കും 5 ഓടിട്ട വീടുകൾ

## വാട്ടർപ്രൂഫിങ് തറ മുതൽ മേൽക്കൂര വരെ

## പുതിയ ബോർഡുകൾ, പാനലുകൾ

COVER STORY
2 BEDROOM CONTAINER HOME

• Corton Steel Roof • Bedroom Tips • Green Roof Garden